(സി) സംരംഭകത്വ പരിശീലന പരിപാടിയിൽ സംരംഭകാവസരം കണ്ടെത്തുന്നതുമുതൽ അവരെ വിജയകരമായി മുന്നോട്ടു കൊണ്ടുപോയി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതുവരെ പരിശീലനാർത്ഥികൾക്ക് സഹായം നൽകുന്നതിലേക്ക് മോട്ടിവേഷൻ, മാർക്കറ്റ് അനാലിസിസ് മെന്ററിംഗ്, പ്രോജക്ട് റിപ്പോർട്ട് പ്രിപ്പറേഷൻ എന്നിവ പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രീ-ട്രെയിനിംഗ് ഘട്ടം, ട്രെയിനിംഗ് ഘട്ടം, മെന്ററിംഗ് ഘട്ടം എന്നീ വിധത്തിൽ മൂന്ന് ഘട്ടങ്ങളിലായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

(ഡി) Entrepreneurship Development Institute of India-യുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഇ) ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നും സംരംഭക മേഖലയിൽ ആഭിമുഖ്യമുള്ള 12-നും 40-നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കളിൽ നിന്നും പത്രപരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും ഇതുപ്രകാരം അപേക്ഷ സമർപ്പിച്ച 498 പേർക്ക് പരിശീലനം നൽകുകയും, ഇവയിൽ 225 പേർ സ്വയം സംരംഭകരാകുകയും ചെയ്തു. സംരംഭകരായ യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 2014 നവംബർ 17,18 തീയതികളിൽ തിരുവനന്തപുരത്തുവച്ച് യുവസംരംഭകസംഗമം സംഘടിപ്പിച്ചു. പരിശീലനാന്തരം സംരംഭകങ്ങൾ ആരംഭിക്കുന്നതിന് എല്ലാ തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും Entrepreneurship Development Institute of India നൽകുന്നതാണ്.

യുവജന കമ്മീഷനിലെ അംഗങ്ങൾ

286 (T*4277) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന യുവജന കമ്മീഷനിൽ അംഗങ്ങൾ ഉൾപ്പെടെ എത്ര പേർ ഉണ്ടെന്നും ഇവരുടെയൊക്കെ നിയമനം എപ്രകാരമാണ് നടത്തിയിട്ടുള്ളതെന്നും യുവജന കമ്മീഷനിൽ അംഗങ്ങൾക്ക് നാളിതുവരെ നൽകിയിട്ടുള്ള ശമ്പളത്തിന്റേയും മറ്റ് ആനുകൂല്യങ്ങളുടേയും ഇനം തിരിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

കേരള സംസ്ഥാന യുവജന കമ്മീഷനിൽ ചെയർ പേഴ്സണും 12 അംഗങ്ങളും ഉൾപ്പെടെ ആകെ 13 പേരാണ് ഉള്ളത്. 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ടിൽ യുവജന കമ്മീഷനിൽ ഒരു ചെയർപേഴ്സണും 13-ൽ കവിയാത്ത അത്രയും അംഗങ്ങളും ഉണ്ടായിരിക്കേണ്ടതും അതിലൊരാൾ യോഗ്യതയുള്ള

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ലീഗൽ പ്രാക്ടീഷണറും ഒരാൾ പട്ടികജാതിയിൽപ്പെട്ട ആളും ആയിരിക്കേണ്ടതും മൂന്നുപേരെങ്കിലും വനിതകളും വനിതകളിൽ ഒരാൾ പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട ആൾ ആയിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആക്ടിൽ നിഷ്കർഷിച്ച പ്രകാരം ഗസറ്റ് വിജ്ഞാപനം വഴി സർക്കാരാണ് യുവജനകമ്മീഷൻ ചെയർപേഴ്സണേയും അംഗങ്ങളേയും നിയമിച്ചിട്ടുള്ളത്. അംഗങ്ങൾക്ക് നാളിതുവരെ ശമ്പളം നൽകിയിട്ടില്ല. അംഗങ്ങൾക്ക് യാത്രപ്പടിയിനത്തിൽ നാളിതുവരെ 1,48,453 രൂപ ഒരു ലക്ഷത്തി നാൽപത്തിയെട്ടായിരത്തി നാനൂറ്റി അൻപത്തിമൂന്ന് രൂപ മാത്രം നൽകിയിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ യുവജനക്ഷേമ പ്രവർത്തനങ്ങൾ

287 (4278) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ യുവജനകാര്യ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ യുവജനക്ഷേമ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) യുവജനക്ഷേമ ബോർഡ് മുഖാന്തരം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2014-15-ൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ യുവജനക്ഷേമ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു. ആലപ്പുഴ ജില്ലയിലെ വിവിധ വികസന ബ്ലോക്കുകളിൽ ഉൾപ്പെടുന്ന കലാ-കായിക ക്ലബ്ബുകൾക്ക് പേപ്പർ ബാഗ് നിർമ്മാണം, ഫുഡ് പ്രോസസിംഗ്, സോപ്പ് നിർമ്മാണം, വോളീബാൾ കോച്ചിംഗ്, നീന്തൽ പരിശീലനം, പാചക പരിശീലനം, തെങ്ങുകയറ്റ പരിശീലനം, നെൽകൃഷി പരിശീലനം എന്നിവ സംഘടിപ്പിക്കുന്നതിലേക്കായി ധനസഹായം ബോർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരോഗ്യബോധവൽക്കരണം, കാർഷിക വികസന പദ്ധതി, പരിസ്ഥിതി സംരക്ഷണം, വ്യക്തിത്വ വികസന ക്യാമ്പ്, ഗാന്ധിജയന്തി ദിനാചരണം, പരിസ്ഥിതി ദിനാചരണം, ലഹരി വിരുദ്ധ ദിനാചരണം, മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, കാപ്പൊലി നാടിക, ഡി.റ്റി.പി. പരിശീലനം, എഡ്യൂഫെസ്റ്റ്, വ്യക്തിത്വ വികസന ക്യാമ്പുകൾ, ജോബ് ഫെസ്റ്റ്, യുവദർശൻ, വനിതാ ശിൽപ്പശാല, ജില്ലാ കേരളോത്സവം, അന്താരാഷ്ട്ര യുവജന ദിനാഘോഷം തുടങ്ങിയവയും ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly